32' നീളമുള്ള ആറ് യന്ത്രവൽക്കൃത ബോട്ടുകളും ഉപയോഗിക്കുന്നു. 1980—ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് നടപ്പിലാക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിലെ മിക്കവാറും എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെയും ഇമ്പൗണ്ടിംഗ് ആഫീസർമാരായും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ അഡ്ജുഡിക്കേറ്റിംഗ് ആഫീസർമാരായും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇമ്പൗണ്ടിംഗ് ഉദ്യോഗസ്ഥൻമാരെ സഹായിക്കുന്നതിനുവേണ്ടി 24 ഫിഷറി ഗാർഡുകളേയും നിയമിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇമ്പൗണ്ടിംഗ് ഉദ്യോഗസ്ഥൻമാർ നീണ്ടകര, ആലപ്പുഴ, എറണാകുളം, ബേപ്പൂർ, കണ്ണൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രാദേശിക കടലിൽ പരിശോധന നടത്തുന്നു. പരിശോധന സമയത്ത് നിയമം ലംഘിക്കുന്നതായി കാണുന്ന യന്ത്രവൽകൃത ബോട്ടുകളെ അവയിലുള്ള മത്സ്യത്തോടൊപ്പം പിടിച്ചെടുക്കുകയും, പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പിടിച്ചെടുത്ത മത്സ്യം വിറ്റുകിട്ടുന്ന തുക ഗവൺമെൻറ് മുതലിനോട് ചേർക്കുകയും ചിലപ്പോൾ ബോട്ടുതന്നെ കണ്ടുകെട്ടുകയും ചെയ്യാറുണ്ട്.

ഫിലിം സൊസൈറികൾ

493 [890] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട ഫിലിം സൊസൈറികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ഗവൺമെൻറിന്റെ പക്കലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) അവയിൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറീസ് ഓഫ് ഇന്ത്യയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സൊസൈറികൾ ഏതെല്ലാം;

(ഡി) ഫിലിം സൊസൈറി പ്രവർത്തനങ്ങളിൽ ഗവൺമെൻറിന് ഏതെങ്കിലും നിയന്ത്രണമുണ്ടോ;

(ഇ) കേരളത്തിലെ ഫിലിം സൊസൈറികളുടെ കാര്യക്ഷമമായ പ്രവർത്തനത്തെയും ഫിലിം ആസ്വാദനത്തെയും പറ്റി പഠനം നടത്തി അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വേണ്ടുന്ന മാർഗ്ഗരേഖ തയ്യാറാക്കി പ്രോത്സാഹനം ഏർപ്പെടുത്താമോ?

ഉത്തരം

(എ, ബി, സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പരിഗണിക്കാവുന്നതാണ്.

തൃശ്ശൂർ ടി.വി. കേന്ദ്രം

494 [892] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ടി. വി. കേന്ദ്രം സ്ഥാപിക്കാൻ കേന്ദ്രത്തോടഭ്യർത്ഥിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൃശ്ശൂർ ജില്ലയിൽ മുഴുവൻ ടി.വി. കാണാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

കേരളാ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഹോട്ടലുകൾ

495 [893] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ എത്ര ഹോട്ടലുകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) അവ ഏവ;

(സി) തിരുവനന്തപുരത്തുള്ള മസ്ക്കറ്റ് ഹോട്ടൽ ലാഭത്തിലാണോ നഷ്ടത്തിലാണോ നടത്തി വരുന്നത്;

(ഡി) 1982–83, 1983–84, 1984–85 സാമ്പത്തിക വർഷത്തിലെ ഈ ഹോട്ടലിന്റെ ലാഭനഷ്ടക്കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തു ഹോട്ടലുകൾ.

(ബി) ഹോട്ടലുകളുടെ പേരും സ്ഥലവും താഴെ പറയുന്നു.

മസ്ക്കറ്റ് ഹോട്ടൽ	തിരുവനന്തപുരം
ഹോട്ടൽ സമുദ്രാ	കോവളം
ആരണ്യനിവാസ്	തേക്കടി
ലെയ്ക് പാലസ്	തേക്കടി
പെരിയാർ ഹൗസ്	തേക്കടി
ബോൾഗാട്ടി പാലസ് ഹോട്ടൽ	കൊച്ചി
ടൂറിസ്റ്റ് കോംപ്ലക്സ്	കുമരകം
ഗാർഡൻ ഹൗസ്	മലമ്പുഴ
ടൂറിസ്റ്റ് ബംഗ്ലാവ്	ഗുരുവായൂർ
മംഗല്യ	ഗുരുവായൂർ

(സി) നഷ്ടത്തിലാണ് നടക്കുന്നത്.

(ഡി) 1982–83–ൽ 8.23 ലക്ഷം രൂപയും 1983–84–ൽ 7.19 ലക്ഷം രൂപയും നഷ്ടമുണ്ടായി. 1984–85–ലെ കണക്കുകൾ പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly